# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2025

## 16-08-2017 ൽ മറുപടിക്ക്

## കിഫ്ബി

| ചോദ്യം<br>ശ്രീ. പി.ടി. തോമസ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയിൽ നാളിതുവരെ എവിടെനിന്നെല്ലാമായി ആകെ എത്ര തുക സ്വരൂപിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ; | 2015-16 ലെ ബഡ്ജറ്റിലെ പ്രഖ്യാപനപ്രകാരം 2015-16 സാമ്പത്തിക വർഷം 5475-00-800-92 (പ്ലാൻ) മേജർ ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട്സ് എന്ന ശീർഷകത്തിൽ നിന്നും 873.85 കോടി രൂപയും 2016-17 സാമ്പത്തിക വർഷത്തിൽ 1624.56 കോടി രൂപയും സർക്കാർ പുന:സംഘടിപ്പിക്കപ്പെട്ട കിഫ്ബിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ 52-ാം വകുപ്പ് പ്രകാരം മുൻ വർഷത്തെ മോട്ടോർ വാഹന നികുതിയുടെ ഒരു ഭാഗവും പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള സെസ്സ് തുകയും കിഫ്ബി നിധിയിലേക്ക് നിക്ഷേപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു. ഇതിൻ പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ 729.53 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിലെ നാളിതുവരെയുള്ള ആദ്യ ഗഡുവായ 375 കോടി രൂപയും കിഫ്ബിക്ക് ലഭ്യമായിട്ടുണ്ട്. |
| (ബി) കിഫ്ബിയുടെ കീഴിലുള്ള എത്ര പ്രവൃത്തികൾ ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ഈ പ്രവൃത്തികൾക്കായി ഇതുവരെ എത്ര തുക നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | നാളിതുവരെ കൂടിയ കിഫ് ബോർഡ് യോഗങ്ങൾ 5722.41 കോടി രൂപ മുതൽമുടക്കുള്ള 80 പദ്ധതികൾക്ക് പൂർണ്ണമായ അംഗീകാരവും 6925.97 കോടി രൂപ മുതൽമുടക്കുള്ള 43 പദ്ധതികൾക്ക് വ്യവസ്ഥകൾക്കു വിധേയമായി അംഗീകാരവും നൽകി. ഇതിൽ 3816.75 കോടി രൂപക്കുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള തുകയ്ക്കായി കരാറിൽ ഒപ്പു വച്ചിട്ടുള്ളതും 983.80 കോടി രൂപക്കുള്ള പദ്ധതികളുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. റെയിൽവേക്ക് നൽകാനുള്ള അഡ്വാൻസ് തുകയായ 16,50,000/- |

| | |
|---|---|
| | (പതിനാറ് ലക്ഷത്തി അൻപതിനായിരം) രൂപ പൊതുമരാമത്ത് വകുപ്പിൻ കീഴിലെ അകത്തേത്തറ – നടക്കാവ് റെയിൽവേ മേൽപ്പാല നിർമ്മാണ പദ്ധതിക്കായി റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരളയുടെ ഡിമാന്റിന്റെ അടിസ്ഥാനത്തിൽ റിലീസ് ചെയ്തു നൽകിയിട്ടുണ്ട്. കൂടാതെ, ആരോഗ്യ വകുപ്പിനു കീഴിലെ ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്ന പദ്ധതിക്കായി 17,11,940/- (പതിനേഴ് ലക്ഷത്തി പതിനൊന്നായിരത്തി തൊള്ളായിരത്തി നാല്പത്) രൂപയുടെ ഡിമാന്റും പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലെ ഐ.ടി@ സ്കൂൾ പദ്ധതിക്കായി 1,21,54,000/- (ഒരു കോടി ഇരുപത്തൊന്നു ലക്ഷത്തി അൻപത്തി നാലായിരം) രൂപയുടെ ഡിമാന്റും ജലസേചന വകുപ്പിനു കീഴിലെ കോട്ടയം സെൻസസ് ടൗൺ-കണ്ണൂർ തലശ്ശേരി താലൂക്ക് ജല വിതരണം ശക്തിപ്പെടുത്തൽ പദ്ധതിക്കായി 38,87,304/- (മുപ്പത്തിയെട്ട് ലക്ഷത്തി എൺപത്തിയേഴായിരത്തി മുന്നൂറ്റി നാല്) രൂപയുടെ ഡിമാന്റും യഥാക്രമം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് (KMSCL), കേരള ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (KITE), കേരള വാട്ടർ അതോറിറ്റി (KWA) എന്നീ പദ്ധതി നിർവഹണ ഏജൻസികളിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഈ തുകകൾ റിലീസ് ചെയ്യുന്നതിനുള്ള സത്വര നടപടികൾ പൂർത്തിയായി വരുന്നു. |

**സെക്ഷൻ ഓഫീസർ**